I/5867281/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. പി.എസ്/38/2023-ആഭ്യന്തരം
ആഭ്യന്തര(പി.എസ്) വകുപ്പ്
തിരുവനന്തപുരം,
തീയതി: 12-09-2023

<u>പരിപത്രം</u>

വിഷയം:- ആഭ്യന്തര വകുപ്പ്- നിയമസഭാ ചോദ്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വ്യക്തത വരുത്തുന്നത്- സംബന്ധിച്ച്.

സൂചന:- ഓഫീസ് ഓർഡർ നം: 2/2022/ആഭ്യന്തരം, തീയതി 17/06/2022.

************************

ആഭ്യന്തര വകുപ്പിലെ വിഷയ വിതരണം പുന:ക്രമീകരിച്ചുകൊണ്ട് സൂചനയിലെ ഓഫീസ് ഓർഡർ പ്രകാരം ഉത്തരവാകുകയുണ്ടായി. പുതുക്കിയ വിഷയ വിതരണത്തിൽ, നിയമസഭാ ചോദ്യങ്ങൾ കൈകാര്യം ചെയ്യേണ്ടുന്ന സെക്ഷനുകൾ നിർണയിച്ചു നൽകുന്നതു സംബന്ധിച്ച ചില അവ്യക്തതകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത അപാകതകൾ പരിഹരിച്ച്, ചുവടെ ചേർക്കും പ്രകാരം വ്യക്തത വരുത്തി ഉത്തരവാകുന്നു.

(1) ഇ-നിയമസഭ പോർട്ടലിൽ ആഭ്യന്തര വകുപ്പിനു നിശ്ചയിച്ചു നൽകിയിട്ടുള്ളതും, വകുപ്പിലെ മറ്റൊരു സെക്ഷനും പ്രത്യേകമായി നിർണ്ണയിച്ചു നൽകാത്തതുമായ വിഷയങ്ങൾ സംബന്ധിച്ച നിയമസഭാ ചോദ്യങ്ങൾ(LA Miscellaneous), ആഭ്യന്തര(ഡി) വകുപ്പ് കൈകാര്യം ചെയ്യേണ്ടതാണ്.

(2) സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പുകളിൽ നിന്നും പൊതു സമാഹരണത്തിനായി ആഭ്യന്തര വകുപ്പിൽ വരുന്നതും, ആദ്യചോദ്യം വകുപ്പിലെ മറ്റൊരു സെക്ഷനുമായി പ്രത്യക്ഷമായി ബന്ധപ്പെട്ടതല്ലാത്ത സാഹചര്യത്തിൽ ആഭ്യന്തര വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള ഒന്നിലധികം വകുപ്പ് അദ്ധ്യക്ഷൻമാരിൽ നിന്നും വിശദാംശങ്ങൾ സമാഹരിച്ച് തിരികെ സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പുകൾക്ക് നൽകേണ്ടുന്നതുമായ നിയമസഭാ ചോദ്യങ്ങൾ ആഭ്യന്തര(പി.എസ്) വകുപ്പ് കൈകാര്യം ചെയ്യേണ്ടതാണ്.

(3) സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പുകളിൽ നിന്നും സമാഹരണത്തിനായി ആഭ്യന്തര വകുപ്പിൽ വരുന്നതും, ആഭ്യന്തര വകുപ്പിന്റെ നിയന്ത്രാണാധികാര പരിധിയിലുള്ള ഏതെങ്കിലുമൊരു പ്രത്യേക വകുപ്പിൽ/വകുപ്പ് അദ്ധ്യക്ഷനിൽ നിന്നു മാത്രം വിശദാംശം ആവശ്യമുള്ളതുമായ നിയമസഭാ ചോദ്യങ്ങൾ, ടി വിഷയം നിലവിൽ നിശ്ചയിച്ചു നൽകിയിട്ടുള്ള സെക്ഷൻ തന്നെ കൈകാര്യം ചെയ്യേണ്ടതും, വകുപ്പിലെ മറ്റൊരു സെക്ഷനും പ്രസ്തുത വിഷയം പ്രത്യേകമായി നിർണയിച്ചു നൽകിയിട്ടില്ലാത്ത പക്ഷം, ആഭ്യന്തര(ഡി) വകുപ്പ് കൈകാര്യം ചെയ്യേണ്ടതുമാണ്.

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

ആഭ്യന്തര വകുപ്പിലെ അണ്ടർ സെക്രട്ടറി തലം മുതലുള്ള എല്ലാ ഓഫീസർമാർക്കും.

ആഭ്യന്തര വകുപ്പിലെ ഓഫീസ് സെക്ഷൻ ഉൾപ്പെടെയുള്ള എല്ലാ സെക്ഷനുകൾക്കും.

ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്.

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Bini Raghavan A

Date: 13-09-2023 10:40:46